**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1436** **03-02-2026 - ൽ മറുപടിയ്ക്ക്**

**പി.എം.ശ്രീ. പദ്ധതി കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായുള്ള പി. എം. ശ്രീ.(പ്രധാനമന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ) പദ്ധതിയിൽ ഒപ്പുവെച്ച കരാർ റദ്ദാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിൽ നിന്ന് മറുപടി ലഭ്യമായിട്ടുണ്ടോ; | (എ) | പി. എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ക്യാബിനറ്റ് സബ് കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ട് പരിഗണിച്ച് മാത്രമേ പി. എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കു എന്നും, അതുവരെ പി. എം. ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് ഒപ്പുവച്ചിട്ടുള്ള MoU ലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് മാറ്റി വച്ചിരിക്കുകയാണെന്നും, സംസ്ഥാനം കത്ത് മുഖേന കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കിയില്ലെങ്കിൽ സമഗ്ര ശിക്ഷാ കേരള പദ്ധതി പ്രകാരം സംസ്ഥാനത്തിന് നൽകാനുള്ള കുടിശ്ശിക തടഞ്ഞുവയ്ക്കുമെന്നുള്ള മുന്നറിയിപ്പ് കേന്ദ്രത്തിൽ നിന്നും ലഭിച്ചിരുന്നോ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (ബി) | 2018 ഏപ്രിൽ മുതൽ സംസ്ഥാനത്ത് നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.) പദ്ധതിക്ക് 2023-24 വർഷം മുതൽ ലഭിക്കാനുള്ള കേന്ദ്രവിഹിതം ലഭിക്കണമെങ്കിൽ 2022 -ൽ ആരംഭിച്ച മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ പി. എം. ശ്രീ പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള ധാരണാ പത്രം ഒപ്പുവയ്ക്കണമെന്ന് കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം നിരന്തരം ആവശ്യപ്പെട്ടിരുന്നു. |
| (സി) | സമഗ്ര ശിക്ഷാ കേരള പദ്ധതിയ്ക്ക് കേന്ദ്രവിഹിതത്തിൽ നിലവിൽ കുടിശ്ശികയായ തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | സമഗ്രശിക്ഷാ കേരളം പദ്ധതിക്ക് 2023-24, 2024-25 എന്നീ വർഷങ്ങളിൽ കുടിശ്ശികയായ തുക ഇതുവരെ അനുവദിച്ചിട്ടില്ല. RTE എൻടൈറ്റിൽമെന്റ് പ്രകാരം കുടിശ്ശികയായിട്ടുള്ള പ്രസ്തുത തുക അനുവദിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള |

| | | | |
|---|---|---|---|
| | | | കത്തിടപാടുകൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയവുമായി നടത്തിവരുന്നു.<br><br>സമഗ്ര ശിക്ഷ എന്ന പദ്ധതിക്ക് 2025-26 വർഷം ലഭിക്കാനുള്ള കേന്ദ്ര വിഹിതത്തിന്റെ ഒന്നാം ഗഡു 92.41 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ